# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമം

(ഹാജർ: എ.സന്തോഷ്)

വിഷയം : കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പ് 2020- വയനാട്, മലപ്പുറം ജില്ലകളിലെ ഓരോ ബൂത്തുകളിൽ റീ പോളിംഗ് നടത്തുന്നത്-മായാത്ത മഷി ഉപയോഗിച്ച് വിരലിൽ അടയാളം രേഖപ്പെടുത്തുന്നത്-മാർഗ്ഗനിർദ്ദേശം - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

സൂചന : 16/12/2020-ലെ 343/2020/സം.തി.ക. നമ്പർ (2991) അസാധാരണം വിജ്ഞാപനം.

നമ്പർ : ബി1/33870/2020/സം.തി.ക  തീയതി: 17.12.2020

## ഉത്തരവ്

സൂചനയിലെ വിജ്ഞാപനം പ്രകാരം വയനാട് ജില്ലയിലെ എം. 82 സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ 19.തൊടുവെട്ടി വാർഡിലെ 01. മാർ ബസേലിയസ് കോളേജ് ഓഫ് എഡ്യൂക്കേഷൻ, പടിഞ്ഞാറു ഭാഗം, സുൽത്താൻ ബത്തേരി എന്ന പോളിംഗ് സ്റ്റേഷനിലും, മലപ്പുറം ജില്ലയിലെ എം.75 തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലെ 34. കിസാൻ കേന്ദ്രം വാർഡിലെ 01. ജി.എച്ച് സ്കൂൾ തൃക്കുളം എന്ന പോളിംഗ് സ്റ്റേഷനിലും 2020 ഡിസംബർ 18 (വെള്ളി) ന് റീ പോളിംഗ് നടത്താൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

2) പ്രസ്തുത പോളിംഗ് സ്റ്റേഷനുകളിൽ യഥാക്രമം 2020 ഡിസംബർ 10,14 തീയതികളിൽ നടന്ന വോട്ടെടുപ്പിൽ വോട്ടർമാരുടെ ഇടതു കൈയ്യിലെ ചൂണ്ടു വിരലിൽ പുരട്ടിയ മായാത്ത മഷി കൊണ്ടുള്ള അടയാളം ഇപ്പോഴും ഉള്ളത് പരിഗണിച്ച് കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 33(4) നൽകുന്ന അധികാരം വിനിയോഗിച്ച് 2020 ഡിസംബർ 18 ന് റീപോൾ നടക്കുന്ന മേൽ പറഞ്ഞ ബൂത്തുകളിൽ

“ഇടതു കൈയ്യിലെ ചൂണ്ട് വിരലിന്” പകരം വോട്ടർമാരുടെ “ഇടതു കൈയ്യിലെ നടുവിരലിൽ” മായാത്ത മഷി കൊണ്ട് അടയാളം ഇടേണ്ടതാണെന്ന് നിശ്ചയിച്ച് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ്:-

ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ &
ജില്ലാ കളക്ടർ വയനാട്, മലപ്പുറം
ബന്ധപ്പെട്ട വരണാധികാരികൾ
ബന്ധപ്പെട്ട ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ
സ്റ്റാന്റിംഗ് കൗൺസിൽ
എല്ലാ നോഡൽ ഓഫീസർമാർക്കും
പബ്ലിക് റിലേഷൻസ് ഓഫീസർ
കമ്മീഷണറുടെ പി.എസ്
കമ്മീഷണറുടെ സി.എ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ